(സി) പട്ടികജാതി വികസന വകുപ്പ് പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സമിതിയുടെ 18-ഉം 21-ഉം ശിപാർശകളുടെ തുടർ നടപടികളുടെ ഭാഗമായി പട്ടികജാതി ജനവിഭാഗങ്ങളുടെ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും കുറഞ്ഞത് 5 പട്ടികജാതി അംഗങ്ങൾക്കെങ്കിലും തൊഴിൽ നൽകുകയും ചെയ്യാൻ കഴിയുന്നതുമായ പട്ടികജാതി സഹകരണ സംഘങ്ങൾ, മത്സ്യ സഹകരണ സംഘങ്ങൾ, കയർ സഹകരണ സംഘങ്ങൾ, തുടങ്ങിയ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിക്കും പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്വാശ്രയ ഗ്രൂപ്പുകളിൽ തിരിച്ചടവ് ശേഷി വർദ്ധിപ്പിച്ച് സാമ്പത്തിക പുരോഗതിക്ക് സഹായിക്കുന്ന ഒരു പദ്ധതിക്കും 26-9-2015 ലെ സ.ഉ. (സാധാ) നമ്പർ 1560/15/പജസവവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച രണ്ട് പദ്ധതികൾക്കും പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് വിനിയോഗിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.ടി. മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും സംരംഭം ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനും വകുപ്പിന്റെ കീഴിലുള്ള മണ്ണന്തല അംബേദ്കർ ഭവനത്തിലെ 5000 ച.അടി സ്ഥലം നവീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പും കേരള സ്റ്റാർട്ട് അപ്പ് മിഷനും ചേർന്ന് 2016 ഫെബ്രുവരി 2-ന് സംരംഭക സംഗമവും വർക്ക്ഷോപ്പും നടത്തിയിരുന്നു. ഇത്തരത്തിലുള്ള ശിൽപ്പശാലകൾ സഹകരണ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കണമെന്ന സമിതിയുടെ 23-ാമത് ശിപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പുമായി സഹകരിച്ച് സമാന പദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി ക്ഷേമ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം

272(973) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ പദ്ധതിയിലൂടെ ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്ന ശ്രീ. രാജപ്പൻ, കണ്ണംപുറത്ത് വീട്, പേരൂർക്കാണം, ശ്രീകാര്യത്തിന് ഡി.ആർ.എഫ്.നം. 85/2016(MISC/Tour) dated 4-1-2016 പ്രകാരം അനുവദിച്ച മന്ത്രി അനുമതി നൽകിയിരുന്ന ധനസഹായത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഹയർ നമ്പർ 1261/2016.

(ബി) പ്രസ്തുത വ്യക്തിക്ക് ചികിത്സാ ധനസഹായ തുക എത്രയുംവേഗം കൈമാറുമോ; ഇതുസംബന്ധിച്ച അറിയിപ്പ് അദ്ദേഹത്തിന് കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീകാര്യം കണ്ണാംപുറത്തു വീട്ടിൽ ശ്രീ. രാജപ്പന് ചികിത്സാ ധനസഹായമനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച്ടി വ്യക്തിക്ക് ചികിത്സാ ധനസഹായത്തുക അടിയന്തരമായി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം

273(974) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ.യിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള കെട്ടിടത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഒ.യു. ഒപ്പിടാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം കാണിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കുറുവങ്ങാട് ഐ.റ്റി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 193 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിനുള്ള ധാരണാപത്രം (MOU) ഒപ്പിടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly